# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4267** — **24/10/2016-ൽ മറുപടിക്ക്**

## പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**,, കെ.ജെ. മാക്സി**<br>**,, യു. ആർ. പ്രദീപ്**<br>**,, കെ. കെ. രാമചന്ദ്രൻ നായർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മെയ് 27-ന് യോഗം വിളിച്ചുകൂട്ടി മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുവാൻ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതനുസരിച്ച് മെയ് 30 ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൂൺ 1 മുതൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് മഴക്കാലപൂർവ്വ ശുചീകരണം കാര്യക്ഷമമാക്കി. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാന വ്യാപകമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജില്ലാ ചാർജ്ജ് വഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയും ഉണ്ടായി. മെയ് മാസത്തെ സീനിയർ മെഡിക്കൽ ആഫീസർമാരുടെ യോഗത്തിലും ജൂണിലെ ജില്ലാ/ബ്ലോക്കുതല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും പകർച്ച-വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും കൺട്രോൾ റൂം തുറക്കുകയുണ്ടായി. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ജില്ലാ ദ്രുതകർമ്മസേന സന്ദർശിച്ച് രോഗം നിയന്ത്രണ വിധേയ- |

→

| | | | |
|---|---|---|---|
| | | | മാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളെയും കൂടി സഹകരിപ്പിച്ചാണ് ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |
| **ബി)** | ഇത്തരം രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിന് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | **ബി)** | എല്ലാ ഡോക്ടർമാർക്കും രോഗം ഫലപ്രദമായി ചികിത്സിക്കുന്നതിന് ആവശ്യമായ പരിശീലനം ജില്ലാതലത്തിൽ ജൂൺ മാസത്തിൽ നൽകിയിട്ടുണ്ട്. പ്രധാന പകർച്ചവ്യാധികളുടെ ചികിത്സാ മാർഗ്ഗരേഖ എല്ലാ ആശുപത്രികളിലും എത്തിച്ചിട്ടുണ്ട്. ആവശ്യമായ മരുന്നും മറ്റ് സാധന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ രോഗനിർണ്ണയത്തിന് ആവശ്യമായ ടെസ്റ്റ് കിറ്റുകളും അനുബന്ധ സാധനങ്ങളും എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും നൽകിയിട്ടുണ്ട്. ആവശ്യാനുസരണം ലോക്കൽ പർച്ചേസ് ചെയ്യുവാനുള്ള അനുമതി നൽകുകയും, രോഗവിവരം, യഥാസമയം അറിയിക്കുവാനുള്ള നിർദ്ദേശം താഴെത്തട്ടിൽ നൽകിയിട്ടുണ്ട്. |
| **സി)** | ഇതിനായി സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | **സി)** | സ്വീകരിക്കുന്നതാണ്. |
| **ഡി)** | പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ടെസ്റ്റ് കിറ്റുകൾ, ലബോറട്ടറി ഇനങ്ങൾ, ബ്ലീച്ചിംഗ് പൗഡർ, ഒ.ആർ.എസ്.ലായനി മുതലായവ സുലഭമായി ലഭിയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; | **ഡി)** | കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ഇവ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**